**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2491** **15-10-2024 - ൽ മറുപടിയ്ക്ക്**

**കരകൗശല മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കരകൗശലമേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നല്കി വരുന്നതെന്ന് വിശദമാക്കാമോ; | (എ) | കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കരകൗശല മേഖലയിൽ വിപുലമായ പിന്തുണ നൽകാനും, സ്ത്രീ സംരംഭകർ ഉൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് ബാങ്കുമായി ബന്ധപ്പെട്ട പദ്ധതികളിൽ ഉചിതമായ ഒറ്റത്തവണ സഹായം നൽകാനും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം നടപ്പാക്കുന്ന ആശ ( കരകൗശല തൊഴിലാളികൾക്ക് സഹായം) പദ്ധതി നടപ്പിലാക്കി വരുന്നു . ഉദ്യം രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കരകൗശല യൂണിറ്റുകൾക്ക് പരമാവധി 2 ലക്ഷം രൂപ സ്ഥിരാസ്തി ആർജ്ജിക്കുന്നതിനു ചെലവായ തുകയുടെ 40% പൊതു വിഭാഗങ്ങൾക്കും പരമാവധി 3 ലക്ഷം രൂപ സ്ഥിരാസ്തി ആർജ്ജിക്കുന്നതിനു ചെലവായ തുകയുടെ 50% സ്ത്രീകൾ/പട്ടികജാതി/ പട്ടികവർഗ്ഗക്കാർ/ യുവതി യുവാക്കൾ എന്നീ പ്രത്യേക വിഭാഗങ്ങളിൽ പെട്ടവർക്കും സബ് സിഡി നൽകുന്ന പദ്ധതി പ്രകാരം സഹായം നൽകി വരുന്നു. 2024-25 സാമ്പത്തിക വർഷം 30 ലക്ഷം രൂപയുടെ ഭരണാനുമതി ആശ പദ്ധതിയ്ക്ക് ലഭിച്ചിട്ടുണ്ട് . ആയതിൽ 6,00,000 /- രൂപ ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട് .<br><br>NBCFDC Channelizing agency ആയി 1998-99 കാലയളവിൽ രജിസ്റ്റർ ചെയ്ത് കുടിൽ വ്യവസായ മേഖലയിൽ ആർട്ടിസാൻമാർക്ക് ചെറുകിട യൂണിറ്റുകൾ ആരംഭിയ്ക്കുന്നതിന് കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ( കാഡ്കോ) വഴി കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കി വരുന്നുണ്ട് .നാളിതുവരെ 12.5 കോടി രൂപ ആർട്ടിസാൻമാരുടെ ഇടയിൽ വിതരണം ചെയ്യാനും രണ്ടായിരത്തോളം ആർട്ടിസാൻ യൂണിറ്റുകൾ തുടങ്ങുവാനും പതിനായിരത്തോളം തൊഴിലാളികൾക്ക് ജീവിതമാർഗ്ഗം ലഭ്യമാക്കാനും |

കോർപ്പറേഷന് സാധിച്ചിട്ടുണ്ട്. പ്രസ്തുത വായ്പകൾ ഉപയോഗിച്ച് ചെറുകിട യന്ത്രങ്ങളും കൈകൊണ്ട് ഉപയോഗിക്കുന്ന ഉപകരണങ്ങളും ആർട്ടിസാന്മാർക്ക് ലഭ്യമാക്കാൻ കാഡ്കോയ്ക്ക് സാധിച്ചിട്ടുണ്ട്

കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ 1990-91 മുതൽ സംസ്ഥാന സർക്കാരിന്റെ Rate contract, Accreditation, Civil contract license എന്നിവയ്ക്ക് അർഹമാകുകയും അതുവഴി ഒരു വർഷം ശരാശരി ഒരുലക്ഷത്തോളം തൊഴിൽ ദിനങ്ങൾ കാഡ്കോ മുഖാന്തിരം ആർട്ടിസാൻമാർക്ക് ലഭ്യമാക്കിയിട്ടുണ്ട് . കഴിഞ്ഞ 5 വർഷം ആർട്ടിസാൻമാർക്ക് 8,73,804 തൊഴിൽ ദിനങ്ങൾ കാഡ്കോ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കഴിഞ്ഞ 5 വർഷമായി NBCFDC യിൽ നിന്ന് ലഭ്യമായ 7.2 കോടി രൂപ ഉപയോഗപ്പെടുത്തി ആർട്ടിസാൻ ലോണുകൾ നൽകുക വഴി 268 ചെറുകിട യൂണിറ്റുകൾ സ്ഥാപിക്കുവാനും , അതുവഴി 1340 പേർക്ക് തൊഴിൽ ലഭ്യമാക്കാനും കാഡ്കോ മുഖാന്തിരം സാധിച്ചിട്ടുണ്ട്. പരമ്പരാഗത മരപ്പണിക്കാർക്ക് ആധുനിക തൊഴിൽ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം 130 ടൂൾകിറ്റുകൾ കാഡ്കോ വിതരണത്തിന് ലഭ്യമാക്കിയിട്ടുണ്ട്.

കൂടാതെ കരകൗശലമേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി നിരവധി പ്രവർത്തനങ്ങൾ കരകൗശല വികസന കോർപറേഷൻ നടപ്പിലാക്കിവരുന്നുണ്ട് .സംരഭങ്ങൾ ആരംഭിക്കുന്നതിലേക്കായി കരകൗശല വികസന കോർപറേഷൻ കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കി വരുന്നു. കരകൗശല മേഖലയിൽ പുതിയ ഉൽപ്പന്നങ്ങളുടെ ഡിസൈനുകൾ സൃഷ്ടിക്കുക, പൊതുസേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തി ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കുക എന്നീ പ്രവർത്തനങ്ങളും കോർപറേഷൻ നടത്തിവരുന്നു.

P.M.Viswakarma പദ്ധതി അനുസരിച്ച് എല്ലാ ജില്ലകളിലും, DIC-യും, MoMSME വഴിയും ട്രെയിനിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും 18 തരം കൈത്തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്കുവേണ്ടിയുള്ള രജിസ്ട്രേഷൻ ക്യാമ്പുകളും, സംസ്ഥാനതലത്തിൽ കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിലെ ഉദ്യോഗസ്ഥർക്കു വേണ്ടിയുള്ള ട്രെയിനിംഗുകളും നടത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 50613 ആർട്ടിസാൻമാർ രജിസ്റ്റർ ചെയ്യുകയും അതിൽ നാളിതുവരെ 19137

| | | | |
|---|---|---|---|
| | | | ആർട്ടിസാൻമാർ മൂന്ന് തരത്തിലുള്ള പരിശോധന കഴിഞ്ഞ് ആനുകൂല്യങ്ങൾക്കുള്ള അർഹത നേടുകയും ചെയ്തു. 2391 പേർക്ക് ട്രെയിനിംഗ് കഴിയുകയും, 760 പേർക്ക് 7,39,84,000/- രൂപ ലോൺ കൊടുത്തിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരകൗശല മേഖലയിൽ പുതുതായി എത്ര സംരംഭകർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | ആർട്ടിസാൻമാരുടെ വാർഡ് തിരിച്ചുള്ള സമഗ്ര വിവരശേഖരണം, കാഡ്കോയുടെ നേതൃത്വത്തിൽ ആർട്ടിസാൻസ് ലേബർ ഡേറ്റാ ബാങ്ക് എന്ന പേരിൽ തുടങ്ങി കഴിഞ്ഞു. 19612 ആർട്ടിസാൻമാർ പ്രസ്തുത വിവരശേഖരണത്തിൽ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വാർഡ് തലത്തിലുള്ള ആർട്ടിസാൻമാരെ ന്യായമായ വേതന വ്യവസ്ഥകളോടെ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിനും അതുവഴി അവരവരുടെ താമസസ്ഥലത്തിന് അടുത്തുതന്നെയുള്ള തൊഴിൽ ലഭ്യത പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതിയായാണ് വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ